**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല — കടപ്പുറം ഗ്രാമപഞ്ചായത്ത് - 2009-10, 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.5 – ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ. (സാ.ധാ) നം.1662 /15/തസ്വഭവ. തിരുവനന്തപുരം, തീയതി: 03/06/2015**

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 02/07/2014-ലെ എം3-23407/14 നമ്പർ കത്ത്.
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 07/01/2015-ലെ L.F. 13485/PT2/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ കടപ്പുറം ഗ്രാമപഞ്ചായത്തിലെ 2009-10, 2010-11 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.5 പ്രകാരം 93,202/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

സർക്കുലർ നമ്പർ 75326/എഫ്.എം1/2007/തസ്വഭവ 30/01/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് തനത് ആസ്തികളുടെ നിർമ്മാണത്തിന് വിനിയോഗിച്ചതിന് സർക്കാരിൽ നിന്ന് മുൻകൂർ അനുമതി ആവശ്യമായിരുന്നുവെന്നും ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്ന വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ലെന്ന് ഖണ്ഡികയിൽ പരാമർശമുണ്ടെന്നും മെയിന്റനൻസ് ഗ്രാന്റ് വക മാറ്റി ചെലവ് നടത്തിയതിന് മുൻകൂർ അനുമതി വാങ്ങാത്തതിനാലാണ് ഓഡിറ്റിൽ ഈ പരാമർശം ഉണ്ടാകുവാനിടവന്നതെന്നും മുൻകൂർ അനുമതിയില്ലാതെ മെയിന്റനൻസ് ഗ്രാന്റ് തുക വക മാറ്റി ചെലവഴിച്ചതിന് സാധൂകരണം നൽകേണ്ടത് സർക്കാരിന്റെ വിവേചനാധികാരത്തിലുൾപ്പെട്ടതാണെന്നും പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയതിനു ശേഷം അവശേഷിച്ച തുകയാണ് ഫ്രണ്ട് ഓഫീസ് സംവിധാനം നിർബന്ധമായും നടപ്പിൽ വരുത്തണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയ്ക്ക് വിനിയോഗിച്ചത് എന്നും ടി പ്രവൃത്തിയ്ക്ക് വകയിരുത്താൻ പഞ്ചായത്ത് തനത് ഫണ്ടിൽ മിച്ച തുക ഇല്ലാതിരുന്നതിനാലാണ് തുക മാറ്റി ചിലവഴിച്ചത് എന്ന വിശദീകരണം പരിഗണിച്ച് മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുത് എന്ന വ്യവസ്ഥയിൽ കടപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2009-10, 2010-11 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 പ്രകാരം തടസ്സപ്പെടുത്തിയ 93,202/- (തൊണ്ണൂറ്റി മൂന്നായിരത്തി ഇരുനൂറ്റി രണ്ട് രൂപ മാത്രം) രൂപയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാലമ്മ എബ്രഹാം,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
സെക്രട്ടറി, കടപ്പുറം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ